ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ ബിൽ അവസാനമായി പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

3 വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരളബിൽ—ചർച്ച (തുടർച്ച)

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട നൂറുദ്ദീൻ ഇവിടെ അവതരിപ്പിച്ച വൃക്ഷം വെട്ടിമുറിക്കുന്ന കാര്യത്തെ സംബന്ധിച്ച നിയമനിർമ്മാണം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഇത് സംബന്ധമായി ഈ അവസരത്തിൽ ഞാൻ ഒരു കഥ പറയാൻ ആഗ്രഹിക്കുന്നു. മുഗൾ ചക്രവർത്തിയായ ഔറംഗസീബ് ഇൻഡ്യാരാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഡൽഹിയിലെ ജുമാമസ്ജിദിന് തീ പിടിക്കുകയുണ്ടായി. ആ വിവരമറിഞ്ഞ് ഡൽഹിയിലെ ആളുകൾ ഔറംഗസീബ് ചക്രവർത്തിയുടെ അരമനയിൽചെന്ന് ജുമാമസ്ജിദിന് തീ പിടിച്ചിരിക്കുന്നു ചക്രവർത്തീ, രക്ഷിക്കണം എന്നപേക്ഷിച്ചു. അപ്പോൾ ചക്രവർത്തി കുറേനേരം ആലോചിച്ചിട്ടു ചോദിച്ചുവത്രെ, ജുമാമസ്ജിദിന് തീ പിടിച്ചു എന്നുള്ളതു ശരി, അതു കത്തിനശിച്ചു പോയി എന്നുള്ളതും ശരി. അതിൽ എനിക്കു ദുഃഖമുണ്ട്. പക്ഷേ അതിന്റെ അടുത്ത് വലിയ ഒരു മരം ഉണ്ടായിരുന്നു. അതിന് വല്ലതും സംഭവിച്ചോ എന്നു ചോദിച്ചപ്പോൾ ആളുകൾ പറഞ്ഞു, അതിന് ഒന്നും സംഭവിച്ചിട്ടില്ല. എങ്കിൽ നിങ്ങൾ ഭയപ്പെടേണ്ട. പള്ളി ഞാൻ പത്തെണ്ണം ഉണ്ടാക്കിതരാം, ഈത്തരത്തിലുള്ള ഒരു മരം ഉണ്ടാക്കാൻ എന്നെക്കൊണ്ടാവില്ല എന്ന് ഔറംഗസീബ് പറയുകയുണ്ടായി. ഇവിടെ എന്തു നശിച്ചാലും നശിപ്പിക്കപ്പെട്ടാലും നമ്മുടെ ഒരു മരംപോലും നശിക്കാൻ പാടില്ല. മരം ഉൾക്കൊള്ളുന്ന കാടുകൾ നശിക്കാൻ പാടില്ല. കാടുകൾ ഉൾക്കൊള്ളുന്ന വനങ്ങൾ നശിക്കാൻ പാടില്ല. മരവും മനുഷ്യനും തമ്മിൽ വൈകാരികമായ ചില ബന്ധങ്ങൾ ഉണ്ട്. രണ്ടു മരത്തിന്റെ നടുവിലിരുന്നുകൊണ്ടാണ് ഒരു വേടനായ വാൽമീകി മഹർഷി വാൽമീകത്തിൽ നിന്നും രൂപംകൊണ്ട് വലിയ ഒരു ഇതിഹാസ പുരുഷനായി മാറിയത്. അതുപോലെ ശ്രീ. ബുദ്ധഗയാന് ബോധോദയം ഉണ്ടായത് ഒരു മരത്തിന്റെ (ആൽവൃക്ഷത്തിന്റെ) ചുവട്ടിലിരുന്ന് തപസുചെയ്തതുകൊണ്ടായിരുന്നു. കൗരവ സഭയിൽ കയ്പേറ്റതുകൊണ്ട് ജീവിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യത്തിൽ വ്യാസമഹർഷി തന്റെ അമ്മയായ സത്യവതിയെ പിടിച്ചുകൊണ്ടു പോയതും മരങ്ങളുള്ള ഒരു കാട്ടിലേക്കായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: ക്രിസ്തു അവസാനമായി പ്രാർത്ഥിച്ചതും ഗത്സമന തോട്ടത്തിലായിരുന്നു.

മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട ടി. എസ്. ജോൺ പറഞ്ഞകാര്യം ഞാൻ പറയാൻ വന്നതാണ്. അദ്ദേഹം ഇവിടെ പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. റസൂൽ തിരുമേനി പറഞ്ഞു മരം വച്ചുപിടിപ്പിക്കൽ ഈമാനുള്ള പുരുഷന്റെ അടയാളമാണെന്ന്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു ശ്രീബുദ്ധന് ബോധോദയം ഉണ്ടാകാൻ അദ്ദേഹം ബോധിവൃക്ഷച്ചുവട്ടിലിരുന്നു എന്ന്. നമ്മുടെ ഈ മന്ത്രിമാർക്ക് ബോധോദയം ഉണ്ടാകുന്നതിന് ഓരോ മന്ത്രിമാരെയും ഓരോ മരത്തിന്റെ ചുവട്ടിൽ ഇരുത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ് ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അതിന് ബഹുമാനപ്പെട്ട മെമ്പർ മരം വച്ചു പിടിപ്പിച്ചുകൊടുത്താൽ കൊള്ളാം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): ബഹുമാനപ്പെട്ട മെമ്പറെ മരം വച്ചു പിടിപ്പിക്കാൻ കിട്ടിയാലെങ്കിലും തരക്കേടില്ല.

ശ്രീ. എം. എം. ഹസ്സൻ: മരങ്ങളുടെ പ്രാധാന്യം പറഞ്ഞകൂട്ടത്തിൽ ഗോവാൻ കൃഷ്ണൻ സ്ത്രീകളുടെ വസ്ത്രാകർഷണം ചെയ്തിട്ട് പോയിരുന്നത് മരത്തിന്റെ മുകളിൽ ആണെന്നുള്ള കാര്യം അറിയാമോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: അതും ഒരു സുഖമുള്ള കാര്യമാണ്. ശ്രീ. ശങ്കരനാരായണപിള്ള പറഞ്ഞു നേതാക്കൻമാർക്ക് ബുദ്ധി ഉണ്ടാകാൻ മരത്തിന്റെ ചുവട്ടിൽ കൊണ്ടിരുത്തണമെന്ന്. എങ്കിൽ അദ്ദേഹത്തിന്റെ നേതാവായ വൺമുഖദാസിനെ ആദ്യം ഇരുത്തി മാതൃക കാണിക്കുന്നത് നന്നായിരിക്കും എന്നെനിക്ക് അഭിപ്രായമുണ്ട്.

നമ്മുടെ സംസ്ഥാനത്താകെ 46 ശതമാനം കൃഷിഭൂമിയാണുള്ളത്. ഇന്നിവിടെ മരങ്ങളും മറ്റും വെട്ടി നശിപ്പിച്ചു നശിപ്പിച്ച് ഇവിടെ ആവശ്യത്തിനുള്ള മരങ്ങളോ കാടുകളോ ഇല്ല. ഒരു ടൺ വിറകിന് നാനൂറോ അഞ്ഞൂറോ രൂപ വിലയാണ്. നമ്മുടെ കൃഷിയ്ക്കും മറ്റും ആവശ്യമുള്ള പച്ചിലവളം ആവശ്യത്തിന് കിട്ടാനില്ല. ഇവിടെ മഴവില്ല്, പ്ലാവില്ല, കാഞ്ഞിരമില്ല, ഇലഞ്ഞിയില്ല. ഇൻഡ്യാ രാജ്യത്തിൽ മഹാൻമാരായ രാജാക്കൻമാർ ഇൻഡ്യ ഭരിച്ചിരുന്ന സാഹചര്യത്തിൽ പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാഗമായി അവർ നടത്തിക്കൊണ്ടിരുന്നത് മരം വച്ചു പിടിപ്പിക്കുക എന്നുള്ള പരിപാടിയായിരുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ..... എല്ലാവർക്കും പെയറിന്റെ നന്മ. സഭ ഇപ്പോൾ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞിരിക്കുന്നു.

(ഉച്ചയ്ക്കുശേഷം 1.30-ന് സഭ അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു).

LIBRARY ARCHIVES Kerala Legislative Assembly